File No.H4/5/2021-TC

ഫയൽ നം : ............

തീയതി : 03/04/2021

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ
തിരുവനന്തപുരം – 695 014

ഇ–മെയിൽ : tcoffice.mvd@kerala.gov.in | വെബ്: www.mvd.kerala.gov.in | ☎ :0471– 2333317

പ്രേഷകൻ,

സെക്രട്ടറി,
സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി,
കേരള, തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്കും,
എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർമാർക്കും
എല്ലാ ചെക്ക് പോസ്റ്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്കും

സർ,

വിഷയം:– മോട്ടോർ വാഹന വകുപ്പ് – All India Tourist Vehicles (Authorization or Permit) Rule 2021 – നടപ്പിലാക്കുന്നത് – നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്. സംബന്ധിച്ച്

സൂചന :– ഗവ: ആഫ് ഇന്ത്യ, മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേയ്സ് ജി.എസ്.ആർ 166 (ഇ) തീയതി 10.03.2021.

ആൾ ഇന്ത്യ ടൂറിസ്റ്റ് വാഹനങ്ങൾക്ക് രാജ്യത്ത് ഉടനീളം സർവ്വീസ് നടത്തുന്നതുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന 1993–ലെ Motor Vehicles ( All India Permit for Tourist Transport Operators) Rules അതിലംഘിച്ചുകൊണ്ട് പുറപ്പെടുവിച്ച 2021 ലെ All India Tourist Vehicles (Authorization or Permit) Rules 01.04.2021 മുതൽ പ്രാബല്യത്തിൽ വരുകയാണ്. സൂചനപ്രകാരമുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനോടൊപ്പം താഴെ പറയുന്ന സ്പഷ്ടീകരണം കൂടി നൽകുകയാണ്.

1. മേൽ ചട്ടപ്രകാരം Authorization നും പെർമിറ്റിനും വാഹന ഉടമകൾ Parivahan site വഴി ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ടതും ഫീസ് ഒടുക്കേണ്ടതുമാണ്.
2. മേൽ ചട്ടപ്രകാരം Authorization ന് നിർദ്ദിഷ്ട ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ടി വാഹന ഉടമയ്ക്ക് ഫാറം 2–ൽ ആൾ ഇൻഡ്യാ ടൂറിസ്റ്റ് വെഹിക്കിൾ ഓതറൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതാണ്. മറ്റേതെങ്കിലും സംസ്ഥാനത്ത് നിന്നും ലഭ്യമായ ഓതറൈസേഷൻ സർട്ടിഫിക്കറ്റ (ഫോം 2) മായി ചെക്ക് പോസ്റ്റിലേയ്ക്ക് കടന്നുവരുന്ന ആൾ ഇൻഡ്യാ ടൂറിസ്റ്റ് വാഹനങ്ങളിൽ നിന്നും സംസ്ഥാനത്തിന് ലഭ്യമാക്കേണ്ടതായ നികുതിയും ഫീസും ഈടാക്കിയ ശേഷം മാത്രമേ വാഹനങ്ങൾ കടത്തിവിടാൻ പാടുള്ളൂ.

3. Authorization ലഭിച്ചിട്ടുള്ള വാഹനങ്ങൾക്ക് നിർദ്ദിഷ്ട ഫീസ് അടച്ച് പെർമിറ്റിന് അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ടി വാഹന ഉടമയ്ക്ക് ഫാറം 3- ൽ All India Tourist Permit ലഭ്യമാകുന്നതാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും ലഭ്യമായ ഓതറൈസേഷനും (ഫോം.2)പെർമിറ്റു(ഫോം.3)മായി ചെക്ക് പോസ്റ്റിലേയ്ക്ക് കടന്നുവരുന്ന ആൾ ഇൻഡ്യാ ടൂറിസ്റ്റ് വാഹനങ്ങളിൽ നിന്നും ഫീസോ, നികുതിയോ ഈടാക്കാതെ വാഹനം കടത്തിവിടേണ്ടതാണ്. All India Permit ഉള്ള ഇത്തരം വാഹനങ്ങൾക്ക് സംസ്ഥാനങ്ങളിലെ നികുതി അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.
4. സൂചന പ്രകാരമുള്ള ചട്ട പ്രകാരമല്ലാതെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 93 പ്രകാരം Permit ഉം (ഫോം 43) Authorization ഉം (ഫോം 46) എടുത്തു വരുന്ന വാഹനങ്ങളിൽ നിന്നും 1976 ലെ കേരളാ മോട്ടോർ വാഹന നികുതി ചുമത്തൽ നിയമത്തിന്റെ പട്ടികയിലെ ക്രമനംബർ 7(f)ൽ നിർണ്ണയിച്ചിട്ടുള്ള പ്രകാരം നിലവിൽ ഈടാക്കുന്ന നിരക്കിൽ നികുതി തുടർന്നും ഈടാക്കേണ്ടതാണ്.
5. 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 82 മുതൽ 82 A വരെ ചട്ടങ്ങളിൽ നിർണ്ണയിച്ചിട്ടുള്ള നിബന്ധനകൾ , ഈ ചട്ട പ്രകാരം നൽകുന്ന Permit കൾക്ക് ബാധകമല്ല.
6. സൂചന പ്രകാരമുള്ള ചട്ടത്തിലെ മറ്റ് നിർദ്ദേശങ്ങൾ വ്യക്തമായി മനസ്സിലാക്കി പൊതുജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
M.R. Ajithkumar Ips
Transport Commissioner

Digitally signed by M R AJITHKUMAR IPS
Date: Sat Apr 03 11:44:21 IST 2021
Reason: Approved

പകർപ്പ് :-